# ഇമാമുമാർ പറഞ്ഞത്

## അബൂഹനീഫ റമിമഹുല്ല

- സ്വഹീഹായ ഒരു ഹദീസ് കിട്ടിക്കഴിഞ്ഞാൽ അതാണെൻെറ മദ്ഹബ് (ഇബ്നു ആബിദീൻ ഫിൽ ഹാശിയ, 10/63)
- നാം എവിടെ നിന്നാണ് എടുത്തത് എന്ന് നോക്കാതെ നമ്മുടെ വാക്കുകളെടുത്ത് അഭിപ്രായം പറയാൻ ആർക്കും പാടുള്ളതല്ല.
- എൻെറ തെളിവുകൾ മനസ്സിലാക്കാതെ എൻെറ അഭിപ്രായങ്ങൾ കൊണ്ട് ഫത്‌വ കൊടുക്കൽ നിഷിദ്ധമാണ്.
- യഅ്ഖൂബേ(അബൂയൂസുഫ്) നിനക്ക് നാശം. എന്നിൽ നിന്നും കേൾക്കുന്നതെല്ലാം നീ എഴുതിവെക്കരുത്. കാരണം ഇന്ന് ഞാനൊരു അഭിപ്രായം കണ്ടാൽ നാളെ ഞാനത് ഉപേക്ഷിക്കും. നാളെ കാണുന്ന അഭിപ്രായം മറ്റന്നാൾ ഉപേക്ഷിക്കും
- ക്വുർആനിന്നും റസൂലിൻെറ ഹദീസിന്നും വിരുദ്ധമായ ഒരു കാര്യം ഞാൻ പറഞ്ഞാൽ ഞാൻ പറഞ്ഞതിനെ നിങ്ങൾ ഉപേക്ഷിക്കണം. (ഇബ്നുൽ ഖയ്യിം ഫിൽ ഇഅ്‌ലാം, 2/309)

## മാലിക്ബ്നു അനസ് റഹിമഹുല്ല

- ഞാനൊരു മനുഷ്യ മാത്രമാണ്. തെറ്റും ശരിയും ഉണ്ടാകും. അതുകൊണ്ട് എൻെറ അഭിപ്രായത്തെ നിങ്ങൾ നോക്കണം. ക്വുർആനിനോടും സുന്നത്തിനോടും യോജിച്ചതെന്തുണ്ടോ അതു സ്വീകരിക്കുക. ക്വുർആനിനോടും സുന്നത്തിനോടും വിയോജിക്കുന്നതെന്തുണ്ടോ അത് തള്ളുക (ഇബ്നുഹസം ഫീ ഉസൂലിൽ അഹ്കാം, 6/149)
- നബി(സ)ക്ക് ശേഷമുള്ള എല്ലാവരുടെയും വാക്കുകളിൽ തള്ളേണ്ടതും കൊള്ളേണ്ടതുമുണ്ടാകും (ഇബ്നു അബ്ദിൽ ഹാദി ഫീ ഇർശാദിസ്സാലിക്, 2/277)

## ശാഫിഈ റഹിമഹുല്ലാ

- ആരുടെ വാക്കുകളിലും റസൂലിൻെറ സുന്നത്തിനോടും യോജിക്കുന്നതും അല്ലാത്തതുമുണ്ടാകും. ഞാൻ പറഞ്ഞതിന് വിരുദ്ധമായി റസൂലിൽ നിന്ന് നിങ്ങൾ എന്ത് കണ്ടാലും

റസൂലിൻെറ വാക്കാണ് ശരിയായ വാക്ക്. അതുതന്നെയാണ് എൻെറയും അഭിപ്രായം. ഞാൻ പറഞ്ഞതിനെ നിങ്ങൾ ഒഴിവാക്കുക-മറ്റൊരു റിപ്പോർട്ടിൽ-അതിനെ(റസൂൽ പറഞ്ഞത്)നിങ്ങൾ പിൻപറ്റുക. ആരുടെയും അഭിപ്രായങ്ങളിലേക്ക് നിങ്ങൾ തിരിഞ്ഞ് നോക്കരുത്(നവവി ഫിൽ മജ്മൂഅ്, 1/63).

- ഞാൻ പറഞ്ഞ കാര്യങ്ങൾ റസൂലിൻെറ ഹദീസുകൾക്ക് വിരുദ്ധമായി വന്നാൽ റസൂലിൻെറ ഹദീസാണ് സ്വീകാര്യയോഗ്യം. നിങ്ങളെന്നെ അന്ധമായി തഖ്ലീദ് ചെയ്യരുത് (ഇബ്നു അസാകിർ, 10/152).

## അഹ്മദ്ബ്നു ഹമ്പൽ റഹിമഹുല്ലാ

- നിങ്ങളെന്നെ തഖ്ലീദ് ചെയ്യരുത്. മാലികിനെയും ശാഫിഈയേയും ഔസാഇയെയും സൗരിയെയും തഖ്ലീദ് ചെയ്യരുത്. അവർ എവിടെ നിന്ന് എടുത്തോ അവിടെ നിന്ന് നിങ്ങളും എടുക്കുക (ഇബ്നുൽ ഖയ്യിം ഫിൽ ഇഅ്ലാം, 2/302).
- നിൻെറ ദീനിൻെറ കാര്യത്തിൽ ഇവരിൽ ആരെയും തഖ്ലീദ് ചെയ്യരുത്. റസൂലിൽ നിന്നും റസൂലിൻെറ സഹാബികളിൽ നിന്നും വന്നത് നിങ്ങൾ സ്വീകരിക്കുക. പിന്നെ താബിഉകളിൽ നിന്നും. ശേഷമുള്ളവരുടെ കാര്യത്തിൽ ഒരാൾക്ക് തനിക്കിഷ്ടമുള്ളത് സ്വീകരിക്കാം (അബൂദാവൂദ് ഫീ മസാഇലിൽ ഇമാം അഹ്മദ്, പേജ്: 276,277).
- ഔസാഇയുടെ അഭിപ്രായം മാലികിൻെറ അഭിപ്രായവും അബൂഹനീഫയുടെ അഭിപ്രായവും, എല്ലാം അഭിപ്രായങ്ങൾ മാത്രമാണ്. അവയെല്ലാം എൻെറ അടുക്കൽ സമമാണ്. തെളിവുള്ളത് ഖുർആനിലും ഹദീസിലും മാത്രമാണ് (ഇബ്നു അബ്ദിൽ ബർറ് ഫിൽ ജാമിഅ്, 2/149).
- റസൂലിൻെറ ഒരു ഹദീസിനെ ആരെങ്കിലും തള്ളിയാൽ അവൻ നാശത്തിൻെറ വക്കിലാണ് (ഇബ്നുൽ ജൗസി ഫീ മനാഖിബിൽ ഇമാം അഹ്മദ്, പേജ്: 182).

# ഭിന്നതയും പരിഹാരവും

**മു**സ്‌ലിം സമൂഹത്തില്‍ ഇന്ന്‌ നിലനിന്ന്‌ കാണുന്ന ഭിന്നതളെയും കക്ഷിത്വങ്ങളെയും പ്രധാനമായി രണ്ടായി തിരിക്കാം. സമൂഹത്തില്‍ നിലനിന്നു വരുന്ന പാരമ്പര്യങ്ങളെയോ പരമ്പരാഗത ആചാരാനുഷ്‌ഠാനങ്ങളെയോ മതത്തിന്‍െറ ഭാഗമാക്കിയപ്പോള്‍ അത്തരം വിഷയങ്ങളെ കേന്ദ്രീകരിച്ചുണ്ടാക്കിയ ഭിന്നതകളാണ്‌ ഒന്നാമത്തേത്‌. പ്രമാണങ്ങളുടെ പരിധിക്കകത്ത്‌ നിന്നു കൊണ്ട്‌ മതപരമായ വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങളിലും ആലോചനകളിലും ഉരുത്തിരിയുന്ന സ്വാഭാവികമായ വീക്ഷണ വൈജാത്യങ്ങളാണ്‌ രണ്ടാമത്തേത്‌.

മതപ്രമാണങ്ങളെ അവഗണിച്ചുകൊണ്ട്‌ സമൂഹത്തില്‍ സൃഷ്‌ടിക്കപ്പെടുന്ന സകല ഭിന്നതകളും കക്ഷിത്വങ്ങളും വ്യക്‌മായ വഴികേടും പൂര്‍വസമൂഹങ്ങളോടുള്ള അനുകരണങ്ങളുടെ പിന്‍തുടര്‍ച്ചയുമാണ്‌. മതപ്രമാണങ്ങളോട്‌ വിധേയമാവപ്പെടാതെ ഓരോരുത്തരുടെയും ഇച്‌ഛകള്‍ക്കും സങ്കല്‍പങ്ങള്‍ക്കുമനുസരിച്ച്‌ മതവും ആത്‌മീയതയും മറ്റും നിര്‍വചിക്കപ്പെടുന്നതിലൂടെയാണ്‌ ഇത്തരം ഭിന്നതകളെല്ലാം രൂപം കൊള്ളുന്നത്‌.

പ്രമാണങ്ങളുടെ പിന്‍ബലമില്ലാതെ പൂര്‍വസമൂഹങ്ങള്‍ മതമാക്കി മാറ്റിയ പല വിശ്വാസാചാരങ്ങളും പല വകഭേദങ്ങളോടെ മുസ്‌ലിം സമൂഹവും സ്വീകരിച്ചിട്ടുണ്ട്‌. ശിയാസമൂഹത്തിലെ (ആയത്തുല്ലാ റൂഹുല്ലാ) വിശ്വാസം പൗരോഹിത്യ പ്രധാനമായ ക്രൈസ്‌തവമത വിശ്വാസത്തിലെ പരിശുദ്ധാത്‌മാവ്‌, സങ്കല്‍പത്തിന്‍െറ സമാന്താരരൂപംതന്നെയാണ്‌.

മഹാത്‌മാക്കളുടെയും സൂഫികളുടെയും ക്വബ്‌റുകളെ പൂജിക്കുന്നതും അവിടെ അര്‍ച്ചനയും വഴിപാടുകളും നടത്തുന്നതും വിഗ്രഹാരാധനക്ക്‌ സമാനമായതും എന്നാല്‍ അതിന്‍െറ തൊട്ടുമുമ്പത്തെ പരിണാമഘട്ടവുമാണ്‌. ഇത്തരം ദുര്‍മാര്‍ഗങ്ങള്‍ പ്രചരിപ്പിക്കുന്നതിനായി അന്തിമപ്രവാചകന്‍െറ സമുദായത്തില്‍ ജന്മംകൊള്ളുന്ന സകലകക്ഷികളെയും കുറിച്ചാണ്‌ പ്രവാചക തിരുമൊഴികളില്‍ പരാമര്‍ശിക്കപ്പെട്ട എഴുപത്തിരണ്ട്‌ പിഴച്ച വിഭാഗങ്ങള്‍ കൊണ്ട്‌ര്‍ത്ഥമാക്കുന്നത്‌. അന്ത്യനാള്‍ ആഗതമാകുമ്പോള്‍ വഴികേടില്‍

നിന്ന് സുരക്ഷിതമാകുന്നവർ വളരെ തുച്ഛമായ അംഗസംഖ്യയുള്ള ഒരു ന്യൂനപക്ഷമായിരിക്കുമെന്നതും സുവിദിതമാണ്.

"എന്റെ സമുദായത്തിൽ സത്യത്തിന് വേണ്ടി നിലകൊള്ളുന്നവയായി ഒരു വിഭാഗം അന്ത്യനാൾവരെ നിലനിൽക്കും." (ഹദീസ്)

മതപ്രമാണങ്ങൾ സത്യാസത്യവിവേചകങ്ങളായതിനാൽ മതത്തിന്റെ പേരിൽ നിലകൊള്ളുന്ന വ്യാജ ആശയങ്ങളെ വേർതിരിച്ചറിയാൻ പ്രയാസമില്ല. വിശ്വാസാനുഷ്ഠാനങ്ങളെ വിശുദ്ധ പ്രമാങ്ങളിൽ മാറ്റുരച്ച് നോക്കിയാണ് സത്യവും മിഥ്യയും സൻമാർഗവും ദുർമാർഗവും വേർതിരക്കേണ്ടത്.

മനുഷ്യന്റെ നിത്യജീവിതത്തിലെ ലൗകിക വിഷയങ്ങളിലെന്നപോലെ മതവിഷയങ്ങളിലും മതബന്ധിത വിഷയങ്ങളിലും വിശ്വാസികൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളും ഭിന്നതകളും ഉണ്ടാവുകയെന്നത് സ്വാഭാവികമാണെന്നും അത്തരം സാഹചര്യത്തിൽ വിശ്വാസികളുടെ ബാധ്യതയും കർത്തവ്യവും എന്തായിരിക്കണമെന്നും ക്വുർആൻ സ്പഷ്ടമാക്കുന്നുണ്ട്. "എന്നാൽ വല്ല കാര്യത്തിലും നിങ്ങൾ പരസ്പരം ഭിന്നിപ്പുണ്ടാകുന്നപക്ഷം അതിനെ നിങ്ങൾ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കിക്കൊള്ളുവിൻ." (നിസാഅ്- 59) "ഇവിടെ വല്ലകാര്യവും കൊണ്ടർത്ഥമാക്കുന്നത് മതസംബന്ധമായ കാര്യങ്ങൾതന്നെ. മതപ്രമാണങ്ങളോട് പ്രതിബദ്ധതയുള്ളവർക്ക് മതസംബന്ധമായ ഏതൊരു ഭിന്ന വിഷയത്തിലും ശരിയായ തീർപ്പ് കണ്ടെത്തി മതകീയ ചട്ടക്കൂട്ടിൽ നിലകൊള്ളാൻ ഒരു പ്രയാസവുമില്ല.

ഇവിടെ വിഭാഗീയതകൾക്കോ കക്ഷിത്വങ്ങൾക്കോ ഒരു സ്ഥാനവുമില്ല. എന്നാൽ ഒരു വിഷയത്തിൽ ലഭ്യമായ വ്യക്തമായ തെളിവുകൾക്കനുസരിച്ച് പ്രവർത്തിക്കുകയെന്ന ബാധ്യതയെ മറന്നുകൊണ്ട് മുസ്ലിം സമൂഹം മദ്ഹബി പക്ഷപാതിത്വം വഴി ഭിന്നിക്കുകയെന്ന വിധിവൈപരീത്യമാണ് സംഭവിച്ചത്. തെളിവിനെ പിന്തുടരുന്നതിന് പകരം തക്വ്ലീദ് അഥവാ അന്ധമായ അനുകരണം മുസ്ലിം സമൂഹത്തിൽ സ്ഥാനം നേടി. വിശ്വാസകാര്യങ്ങളിലും അനുഷ്ഠാനകാര്യങ്ങളിലും പ്രമുഖരായ ചില മഹാ പണ്ഡിതൻമാരുടെ വീക്ഷാഗതികൾക്കനുസരിച്ച് രൂപംകൊണ്ട് മദ്ഹബുകളിൽ നിന്ന് വേറിട്ട ഒരന്വേഷണത്തിനോ ആലോചനക്കോ കഴിവില്ലാത്തവിധം മദ്ഹബി പക്ഷപാതിത്വത്തിൽ അകപ്പെട്ട രൂക്ഷമായ ഭിന്നതക്കും വിഭാഗീയതക്കും മുസ്ലിം സമൂഹം വിധേയപ്പെട്ടു; നാലാലൊരു മദ്ഹബിനെ

അംഗീകരിക്കാതിരിന്നാൽ മതാനുഷ്ഠാനങ്ങൾ ശരിയാകില്ലെന്നും മദ്ഹബ് സ്വീകരിക്കാതിരിക്കൽ വഴിപിഴക്കലും പിഴപ്പിക്കലുമാണെന്നുമുള്ള പ്രചാരത്തിലൂടെ മദ്ഹബ്വാദികൾ വിഭാഗീയതയുടെ വൃത്തം വലുതാക്കുകയുമായിരുന്നു. നാല് മദ്ഹബുകളെയും പിൻതുടരുന്ന എല്ലാവർക്കും ഒരേ പോലെ യോജിക്കാൻ കഴിയുന്ന അനുഷ്ഠാനകർമങ്ങൾ അംഗുലീ പരിമതിങ്ങളാണെന്ന് പറയാം. മദ്ഹബി പക്ഷപാതിത്വം ഉണ്ടായിട്ടുള്ള പരസ്പരവൈരങ്ങൾക്കും കലഹങ്ങൾക്കും മുസ്ലിം സമൂഹം ഏറെ വില നൽകേണ്ടി വന്നിട്ടുണ്ട്.

എന്നാൽ മദ്ഹബിൻെറ ഇമാമുകളായ പണ്ഡിതൻമരും തങ്ങളുടെ നാമധേയത്തിൽ 'മദ്ഹബുകൾ' സ്ഥാപിക്കുകയോ അതിൻെറ പേരിൽ വിഭാഗീയതക്കും കക്ഷിത്വത്തിനും വേണ്ടി പ്രേരിപ്പിക്കുകയോ ചെയ്തിട്ടില്ല.

മുജ്തഹിദുകളായ ഇമാമുമാരിൽ ഒരാൾക്ക് ഒരു വിഷയത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞതിനേക്കൾ കൂടുതൽ സംഗതികൾ അതേ വിഷയത്തിൽ കൂടുതൽ വ്യക്തമായ തെളിവുകളിലൂടെ മറ്റൊരാൾക്ക് ബോധ്യപ്പെടാൻ കഴിയുന്നു എന്നതാണല്ലോ വീക്ഷണവൈജാത്യങ്ങൾക്കുള്ള കാരണങ്ങളിലൊന്ന്. മതകാര്യങ്ങളിൽ അന്ധമായ അനുകരണങ്ങൾക്ക് ഒരു പ്രസക്തിയുമില്ലാത്തത് കൊണ്ടാണല്ലോ നാല് മദ്ഹബുകൾതന്നെയുണ്ടായത്. ഇമാം ശാഫിഈ(റ)യെപോലെയുള്ള പണ്ഡിതൻമാർക്ക് ഒരേ വിഷയത്തിൽതന്നെ പുതിയത് പഴയത് എന്നിങ്ങനെ രണ്ടഭിപ്രായങ്ങളോട് യോജിക്കുന്ന രീതിയിലുള്ള വീക്ഷണങ്ങൾ 'മദ്ഹബിലെ' തന്നെ പിൽക്കാല പണ്ഡിതൻമാർക്കുമുണ്ടായിട്ടുമുണ്ട്.

ഹിജ്റ 80 മുതൽ 265 വരെയുള്ള കാലയളവിനിടയിലാണ് മദ്ഹബിൻെറ ഇമാമീങ്ങൾ ജീവിച്ചത്. ഒരേ കാലത്ത് ജീവിച്ചവരും കാലവ്യത്യാസംകൊണ്ട് പരസ്പരം അറിയാത്തവരും അവരിലുണ്ട്. എന്നിട്ടും ഒരാളിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായം മറ്റൊരാൾക്കുണ്ടായി എന്നത് മതത്തിൽ 'തക്വ്ലീദിൻെറ' സാധ്യത പൂർണമായി നിരാകരിക്കുന്നു എന്നതിന് തെളിവാണ്. തങ്ങൾക്ക് ലഭ്യമായ തെളിവുകൾക്കനുസരിച്ച് മതാനുഷ്ഠാനങ്ങളുടെ രീതിയും രൂപവും മറ്റും വിശദീകരിക്കുകയാണവർ ചെയ്തത്. അത് കൊണ്ട് തന്നെ അവരിൽ നിന്നുദ്ധരിക്കപ്പെടുന്ന വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളെല്ലാം നിരുപാധികം ശരിയെന്ന് സങ്കൽപിക്കുന്നത് തീർത്തും അർത്ഥശൂന്യംതന്നെ. തങ്ങളുടെ അഭിപ്രായങ്ങളെല്ലാം പ്രമാണമുക്തമാണെന്ന് അവരാരും അവകാശവാദമുന്നയിച്ചിട്ടുമില്ല. ഓരോരുത്തരെയും അവരവരുടെ അഭിപ്രായത്തിലേക്ക് നയിച്ച

തെളിവുകളുടെ ബലാബലങ്ങളുടെ അടിസ്ഥാനത്തിൽ പക്ഷപാതിത്വമില്ലാതെ ഏറ്റവും ശരിയായതിനെ പിൻതുടരുകയെന്നതാണ് ഇസ്‌ലാമിൻെറ പ്രമാണങ്ങളോട് പ്രതിബദ്ധതയുള്ളവർ സ്വീകരിക്കേണ്ട നിലപാട്. അങ്ങനെ വരുമ്പോൾ മാത്രമേ മദ്ഹബീ പക്ഷപാതിത്വം സൃഷ്ടിക്കുന്ന സംഘർഷങ്ങളും അനുഷ്ഠാനങ്ങളിലെ വൈരുദ്ധ്യമയമായ വൈവിധ്യങ്ങളും ഒഴിവാക്കാനാവുകയുള്ളൂ.

ഇസ്‌ലാമിക പ്രമാണങ്ങളോട് പ്രതിബദ്ധതയും മുസ്‌ലിം ഉമ്മത്തിനോട് കൂറും ആത്മാർത്ഥയും പുലർത്തിയവരായിരുന്നു അവരെല്ലാം. ലഭ്യമായ തെളിവുകൾക്കനുസരിച്ച് മതാധിഷ്ഠിത ഗവേഷണം (ഇജ്തിഹാദ്) നടത്തി കാര്യങ്ങൾ നിർദ്ധാരണം ചെയ്യുന്നതിൽ അവർക്ക് പിഴവുകൾ സംഭവിച്ചാൽപോലും അവർ കുറ്റക്കാരാകുന്നില്ല. കാരണം ഇജ്തിഹാദിൽ പിഴച്ചാൽ ഒരു പ്രതിഫലവും ശരിയായാൽ രണ്ട് പ്രതിഫലവുമാണെന്ന് നബി(സ്വ) അരുളിയിട്ടുണ്ട്. എന്നാൽ ഒരാളുടെ അഭിപ്രായത്തെ അന്ധമായി പിൻപറ്റുകയെന്നത്(തക്‌ലീദ്) പ്രമാണങ്ങളോടുള്ള പ്രതിബദ്ധതക്ക് നിരക്കാത്തതാണ്.

വാക്ക് ശ്രദ്ധിച്ച് കോൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക് (സന്തോഷവാർത്തയറിക്കുക) അക്കൂട്ടർക്കാകുന്നു അല്ലാഹു മാർഗദർശനം നൽകിയിട്ടുള്ളത് അവർ തന്നെയാകുന്നു ബുദ്ധിമാൻമാർ (സുമർ – 18)

സലീം ചാലിയം
ഖത്തർ.